**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3681** **14-07-2022 - ൽ മറുപടിയ്ക്ക്**

**മുട്ട, ഇറച്ചിക്കോഴി ഉല്പാദന വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ എം നൗഷാദ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് മുട്ട, ഇറച്ചിക്കോഴി ഉല്പാദനത്തിൽ നിർണ്ണായക വളർച്ച കൈവരിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ നടപ്പാക്കിയ വികസന പദ്ധതികൾ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. ഇറച്ചി ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് കേരളചിക്കൻ പദ്ധതിയും, മുട്ട ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് മൃഗസംരക്ഷണവകുപ്പിന്റെ പൗൾട്രി ഫാമുകളിൽ നിന്നും മുട്ടക്കോഴി കുഞ്ഞുങ്ങളെ സർക്കാർ അംഗീകാരമുള്ള എഗ്ഗർ നഴ്സറി മുഖേന വളർത്തി സർക്കാരിന്റെ തന്നെ ജനകീയാസൂത്രണ പദ്ധതി മുഖേനയും ഡിപ്പാർട്ട്മെൻറ് മുഖേനയും സർക്കാർ നിരക്കിൽ വിതരണം നടത്തുന്നു.<br><br>കുടുംബശ്രീ വഴി മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കും പോഷാകഹാരം ലഭ്യത ഉറപ്പാക്കുന്നതിലേയ്ക്കും 2021-22 മുതൽ മുട്ടക്കോഴി പ്രൊഡ്യൂസർ ഗ്രൂപ്പ് പദ്ധതി നടത്തി വരുന്നു. 50 കോഴികൾ വാങ്ങുന്നതിലേയ്ക്ക് കുറഞ്ഞത് 5 അംഗങ്ങൾ ഉള്ള അയൽകൂട്ട ഗ്രൂപ്പിന് 10,000/- രൂപ വരെ സ്റ്റാർട്ട് അപ്പ് ഫണ്ട് അനുവദിച്ചു വരുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ 49,30,000/- രൂപ വിനിയോഗിച്ച് 493 മുട്ടക്കോഴി യൂണിറ്റ് രൂപീകരിച്ചു. കൂടാതെ ചെറുകിട മുട്ടക്കോഴി ചെയ്യാൻ താല്പര്യമുള്ള അംഗങ്ങൾക്ക് കുടുംബശ്രീ സിഡിഎസ്സുകൾ വഴി 4% പലിശയ്ക്ക് മൂലധനം ലോൺ ആയി നൽകുന്നതിനുള്ള കമ്മ്യൂണി എന്റർപ്രൈസസ് ഫണ്ട് സ്കീമുകളും നിലവിലുണ്ട്.<br><br>കുടുംബശ്രീ, കേരള ചിക്കൻ പദ്ധതിയുടെ നടത്തിപ്പിനായി, ഉത്പാദനം മുതൽ വിപണനം വരെയുള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിന് വേണ്ടി കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു. നിലവിൽ കർഷകർക്ക് ഇന്റഗ്രേഷൻ |

| | | | |
|---|---|---|---|
| | | | ഫീസ് (വളർത്തുകൂലി) നൽകുന്ന രീതിയിൽ കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്‌സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ കേരള ചിക്കൻ പദ്ധതി നടത്തി വരുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ 6 ജില്ലകളായി നടപ്പിലാക്കിയ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി 270 ബ്രോയ്‌ലർ ഫാമുകളും, 94 കേരള ചിക്കൻ ഔട്ട്‌ലെറ്റുകളും പ്രവർത്തിക്കുന്നുണ്ട്. നാളിതുവരെയായി ഏകദേശം 86,10,276 കിലോ കോഴി ഇറച്ചി വിപണിയിൽ എത്തിക്കുവാൻ കുടുംബശ്രീ വഴി സാധിച്ചിട്ടുണ്ട്. . |
| (ബി) | ഈ മേഖലയിൽ പൊതു മേഖലാ സ്ഥാപനമായ കെപ്കോ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | സംസ്ഥാനത്ത് മുട്ട, മാംസം എന്നിവയുടെ ലഭ്യതയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിന് സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ പല പദ്ധതികളും നടപ്പിലാക്കി വരുന്നു. തിരുവനന്തപുരം ജില്ലയിലെ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉലാദിപ്പിക്കുന്ന ഇറച്ചിക്കോഴികളെ കോൺട്രാക്ട് ഫാമിങ് പദ്ധതിയിലൂടെ കുടുംബശ്രീ യൂണിറ്റുകൾക്ക് വളർത്താൻ നൽകുകയും 45 ദിവസം പ്രായം ആകുമ്പോൾ കെപ്കോ തന്നെ വിലയ്ക്കെടുത്ത് സ്വന്തം പ്രോസസ്സിംഗ് പ്ലാന്റിൽ സംസ്കരിച്ച് കോഴിയിറച്ചിയും അനുബന്ധ ഉത്പന്നങ്ങളുമാക്കി കെപ്കോ ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് മിതമായ വിലയ്ക്ക് ലഭ്യമാക്കുന്നു.<br><br>തിരുവനന്തപുരം, കൊല്ലം പത്തനംതിട്ട ജില്ലകളിൽ കെപ്കോ ഏജൻസികൾ പ്രവർത്തിച്ച വരുന്നു. ഇതിനു പുറമെ ഇറച്ചി കോഴി കുഞ്ഞുങ്ങളെ ചെറുകിട കോഴിവളർത്തൽ കർഷകർക്ക് കുടപ്പനക്കുന്ന് ഹാറിയിൽ നിന്നും മിതമായ നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. ഇപ്പോൾ പ്രതിവർഷം 12 ലക്ഷം ഇറച്ചി കോഴികുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്ന ഈ ഫാമിൽ നിന്നും 20 ലക്ഷം ഇറച്ചികോഴി കുഞ്ഞുങ്ങളെ ഉല്പാദിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യ വികസനം നടന്നുകൊണ്ടിരിക്കുകയാണ്. സംസ്ഥാന പൗൾട്രി വികസന കോർപറേഷൻ നടപ്പിലാക്കിയ വിവിധ പദ്ധതികളിലൂടെ കേരളത്തിലെ മുട്ട ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ വനിതാ മിത്രം, കെപ്കോ ആശ്രയ, പട്ടിക വർഗ വിഭാഗത്തിൽ പെട്ടവർക്ക് വേണ്ടിയുള്ള പ്രത്യേക പദ്ധതി, ബ്ലോക്ക് പഞ്ചായത്ത് തല കോഴിവളർത്തൽ പദ്ധതി എന്നിവ നടപ്പിലാക്കി |

| | | | |
|---|---|---|---|
| | | | വരുന്നു. കെപ്കോ നടപ്പാക്കിയ വിവിധ പദ്ധതികളിലൂടെ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ ഏകദേശം 74 കോടി മുട്ടകൾ അധികമായി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. തത്ഫലമായി അയൽ സംസ്ഥാനങ്ങളിൽ നിന്നും ഉള്ള കോഴി മുട്ടയുടെ വരവ് ഗണ്യമായി കുറഞ്ഞിട്ടുള്ളതായി കാണുന്നു. |
| (സി) | സേഫ് ടു ഈറ്റ് ഉല്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ സംരംഭകർക്ക് മുൻഗണന നൽകിക്കൊണ്ടുള്ള പദ്ധതികൾ ആവിഷ്കരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കുമോ? | (സി) | സേഫ് ടു ഈറ്റ് ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വനിതാ സംരംഭകർക്ക് മുൻഗണന നൽകികൊണ്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. പാൽ, മുട്ട, മാംസം ഉൾപ്പെടെ തനിനാടൻ ഉത്പന്നങ്ങൾ കുടുംബശ്രീ സംരംഭകരിലൂടെ നിർമ്മിച്ച് വിപണനം നടത്തി വരുന്നു. ഇവ വിപണി അധിഷ്ഠിതമായി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. മൂല്യവർദ്ധിത ഉത്പന്ന രൂപീകരണത്തിനായി ഡയറി പ്ലാന്റ് വഴിയുള്ള പരിശീലനങ്ങൾ ഉൾപ്പെടെ വനിതാ സംരംഭകർക്ക് ഈ മേഖലയിലേക്ക് വേണ്ട പിന്തുണ കുടുംബശ്രീ വഴി ലഭ്യമാക്കുന്നുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ, കേന്ദ്രീകൃത രീതിയിൽ ബ്രാൻഡ് ഉത്പന്നങ്ങൾ പുറത്തിറക്കുന്നതിനും സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രോസസ്സിംഗ് പ്ലാന്റ് ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. ഇവ ആരംഭിക്കുന്ന മുറയ്ക്ക് സംസ്കരിച്ച കോഴിയിറച്ചി, മൂല്യവർദ്ധിത ഉത്പന്നങ്ങൾ എന്നിവ വിപണയിൽ എത്തിക്കുവാൻ കുടുംബശ്രീയ്ക്ക് സാധിക്കും. |

സെക്ഷൻ ഓഫീസർ